<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പന്ത്രണ്ടാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>നിയമസഭാചോദ്യം നം: 1633 | 05.12.2014 ലെ<br>മറുപടിയ്ക്ക് |

## ന്യൂനപക്ഷ പ്രൊമോട്ടർമാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ.അസീസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | ഗ്രാമപഞ്ചായത്ത് തലത്തിൽ എത്ര ന്യൂനപക്ഷ പ്രൊമോട്ടർമാരെയാണ് നിയമിച്ചിട്ടുള്ളത്; | (എ) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലായി ഒരു വർഷത്തേക്ക് ആകെ 903 പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് ഓണറേറിയമായി എത്ര രൂപയാണ് നൽകുന്നത്; | (ബി) പ്രതിമാസം 4000/- രൂപ |
| (സി) | ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ ചുമതലകൾ എന്തെല്ലാമാണ്? | (സി) 1. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുക, ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിലെത്തിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തുക.<br>2. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹ്യ-വിദ്യാഭ്യാസ-സാമ്പത്തിക പ്രശ്നങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യാധിഷ്ഠിതമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് വകുപ്പിനെ സഹായിക്കുകയും ചെയ്യുക.<br>3. വിവിധ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം ചെയ്യുക.<br>4. ന്യൂനപക്ഷ അവകാശങ്ങളെക്കുറിച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികളിൽ ആവശ്യമായ സഹകരണം നൽകുക.<br>5. ന്യൂനപക്ഷ വിഭാഗങ്ങളുടെ പരാതികൾ ന്യൂനപക്ഷ കമ്മീഷൻ മുഖേന പരിഹാരം കാണുന്നതിന് ആവശ്യമായ സഹായം നൽകുക.<br>6. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതി രൂപീകരണത്തിലും നടപ്പാക്കലിലും വകുപ്പ് ഉദ്യോഗസ്ഥന്മാരെ സഹായിക്കുക. |

7. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും വിവിധ സ്കോളർഷിപ്പുകൾക്ക് യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിന് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകുക.
8. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്തുകൾ, ന്യൂനപക്ഷക്കാരുമായി സംവദിക്കാനുള്ള കണ്ണികളായി ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായവും സേവനവും നൽകുന്നവരായി വർത്തിക്കുക.
9. വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ, സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിനും അവ യഥാസമയം സമർപ്പിക്കുന്നതിനും ആവശ്യമായ സഹായം ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ചെയ്ത് കൊടുക്കുക.

സെക്ഷൻ ഓഫീസർ